# Malayala Manorama

# 20 August 2018

# Aluva, Revenue Officials were Assaulted



## റവന്യു ഉദ്യോഗസ്ഥരെ കയ്യേറ്റം ചെയ്തു

ആലുവ● യുസി കോളജിനു സമീപം മറിയപ്പടിയിൽ റവന്യു ഉദ്യോഗസ്ഥരെ ക്ഷുഭിതരായ നാട്ടുകാർ കയ്യേറ്റം ചെയ്തു. വൈകിട്ട് റവന്യു വകുപ്പിന്റെ ബോർഡുള്ള ജീപ്പിൽ വന്ന ഉദ്യോഗസ്ഥർ വെള്ളപ്പൊക്കത്തിന് ഇരയായവരുടെ ക്ഷേമം തിരക്കിയപ്പോഴാണ് ജനക്കൂട്ടം രോഷാകുലരായത്.

ഇത്രയും ദിവസം നിങ്ങൾ എവിടെയായിരുന്നെന്നു ചോദിച്ചു ജീപ്പിന്റെ മുൻ സീറ്റിൽ ഇരുന്നയാളുടെ കയ്യിൽ പിടിച്ചു വലിച്ചു താഴേക്കിടുകയായിരുന്നു. ഇനിയുള്ള കാര്യങ്ങൾ തങ്ങൾ തന്നെ നോക്കിക്കോളാമെന്നു പറഞ്ഞു നാട്ടുകാർ ഉദ്യോഗസ്ഥരെ മടക്കി വിട്ടു.